ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾ

13 [*130] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, തോമസ് ചാഴികാടൻ :

,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ഭവന നിർമ്മാണ ബോർഡ് പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത് ;

(സി) ലക്ഷം വീടുകളിൽപ്പെട്ട ഇരട്ട വീടുകൾ ഒറ്റ വീടാക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(ഡി) എങ്കിൽ ഇത് എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) നിലവിലുള്ള 90208 ലക്ഷം വീടുകൾ നവീകരിക്കുന്നതിനായി 360.832 കോടി രൂപയ്ക്കുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) 2004-05-ൽ ആരംഭിച്ച് അടുത്ത മൂന്ന് വർഷംകൊണ്ട് പൂർത്തിയാക്കാൻ ആണ് ഉദ്ദേശിക്കുന്നത്.

തോട്ടമുണ്ടാക്കുന്നതിനായി പാട്ട വ്യവസ്ഥയിൽ നൽകിയ ഭൂമി

14 [*131] ശ്രീ. എ. സി. മൊയ്തീൻ :

,, വി. ചെന്താമരാക്ഷൻ :

,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാട്ട വ്യവസ്ഥയിൽ തോട്ടമുണ്ടാക്കുന്നതിനായി നൽകിയ ഭൂമി തിരിമറി നടത്തുകയും തോട്ടങ്ങൾ വിപുലീകരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഇങ്ങനെ ചെയ്തവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര ഹെക്ടർ ഭൂമിയാണ് തോട്ടങ്ങൾ ഉണ്ടാക്കുന്നതിനായി പാട്ട വ്യവസ്ഥ അനുസരിച്ച് നൽകിയിട്ടുള്ളതെന്ന് പറയാമോ ; എവിടെയെല്ലാം ;

(ഡി) പാട്ട ഉടമകൾ കൈവശം വച്ചിരിക്കുന്ന റവന്യൂ ഭൂമിയെ സംബന്ധിച്ച് സർവ്വേ നടത്താൻ സർക്കാർ തയ്യാറാകുമോ ;

(ഇ) തോട്ടഭൂമിയുടെ അഞ്ച് ശതമാനം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) പാട്ട വ്യവസ്ഥയിൽ തോട്ടമുണ്ടാക്കുന്നതിനായി നൽകിയ ഭൂമി തിരിമറി നടത്തുകയും തോട്ടങ്ങൾ വിപുലീകരിക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ അന്വേഷണം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാനത്ത് പത്തനംതിട്ട, ഇടുക്കി കോട്ടയം, കണ്ണൂർ ജില്ലകളിലായി 37.099.5648 ഹെക്ടർ ഭൂമി തോട്ടങ്ങൾ തുടങ്ങുന്നതിനായി പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. ഇതിൽ കണ്ണൂർ ജില്ലയിൽ 6.7 ഹെക്ടർ ഭൂമി 28-2-2003-ലെ ജി. ഒ. (എംഎസ്.) 52/03/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരികെ എടുത്തിട്ടുണ്ട്.

(ഡി) തല്ക്കാലം പരിഗണനയിലില്ല. ആവശ്യമെന്ന് കണ്ടാൽ അത് ചെയ്യാവുന്നതാണ്.

(ഇ) മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ

15 [*132] പ്രൊഫ എ. ഡി. മുസ്തഫ :
ശ്രീ. വി. ജെ. പൗലോസ് :
,, പി. ശങ്കരൻ :
,, കെ. എ. ചന്ദ്രൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്കായി സർക്കാർ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എത്ര സഹകരണ സംഘങ്ങൾ നടപ്പിലാക്കി ;

(ബി) എത്ര സഹകരണ സംഘങ്ങൾ ഈ പദ്ധതി നടപ്പാക്കാതെയുണ്ട് ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാതിരിക്കാനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly